# പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 7710** — **15.07.2014 -ലെ മറുപടിക്ക്**

## പാണത്തൂരിൽ അബ്ദുൾ ഷെറീഫിന്റെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ പാണത്തൂരിൽ 29.06.2014 ന് അബ്ദുൾ ഷെറീഫിനെ കൊലപ്പെടുത്തിയ സംഭവം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 26.06.2014-ൽ ബി.ജെ.പി. നടത്തിയ ഹർത്താലിനിടയിൽ കൊല്ലപ്പെട്ട അബ്ദുൾ ഷെറീഫ് ബൈക്കോടിച്ചത് ബി.ജെ.പി. പ്രവർത്തകനായ രാജേഷ് തടഞ്ഞുനിർത്തി ചോദ്യം ചെയ്യുന്നതിനിടയിൽ തുടർന്നുണ്ടായ വാക്കുതർക്കം കാരണം 29.06.2014-ാം തീയതി പാണത്തൂർ ടൗണിലുള്ള മുസ്ലീം പള്ളിയുടെ മുൻഭാഗം റോഡിൽ വെച്ച് ടി രാജേഷ് കൊല്ലണമെന്ന ഉദ്ദേശത്തോടുകൂടി കത്തിപ്പരുക്കേൽപ്പിച്ചതിൽ വെച്ച് അബ്ദുൾ ഷെറീഫ് മരണപ്പെട്ടു. |
| (ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; എത്ര പ്രതികളെ അറസ്റ്റു ചെയ്തു; എത്ര പേരെ അറസ്റ്റ് ചെയ്യാനുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രാജപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 208/14 u/s 302 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസിലെ പ്രതിയായ രാജേഷ് എന്ന ബി.ജെ.പി. പ്രവർത്തകനെ അറസ്റ്റ് ചെയ്തിട്ടുള്ളതും, ഇനി ആരെയും അറസ്റ്റ് ചെയ്യുവാൻ ബാക്കിയില്ലാത്തതുമാകുന്നു. |
| (സി) ഈ കേസ്സിന്റെ അന്വേഷണ ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ? | (സി) ഈ കേസ്സിന്റെ അന്വേഷണ ചുമതല വെള്ളരിക്കുണ്ട് ഇൻസ്പെക്ടർ ശ്രീ. സുരേഷ് കുമാറിനാണ്. |

സെക്ഷൻ ഓഫീസർ